# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1929   04.12.2018 ൽ മറുപടിയ്ക്ക്

**<u>പൊതുഗതാഗത വാഹനങ്ങളിലും സ്കൂൾ ബസുകളിലും ജി.പി.എസ്</u>**

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുഗതാഗത വാഹനങ്ങൾക്കെല്ലാം ജി.പി.എസ് സ്ഥാപിക്കണമെന്ന കേന്ദ്ര സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കുമോ; | (എ) | ഉണ്ട്. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സി – ഡാക്കുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് പൂർത്തികരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹെഡ് ഓഫീസിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സ്കൂൾ വാഹനങ്ങളായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വാഹനങ്ങളിലും ജിപിഎസ് ഘടിപ്പിക്കുന്ന പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ എത്ര സ്കൂൾ ബസുകളിൽ ഇതുവരെ ജി.പി.എസ് സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; എല്ലാ സ്കൂൾ ബസുകളിലും ജി.പി.എസ് സ്ഥാപിക്കാൻ നിർദ്ദേശം നല്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | 27/11/2018 വരെയുള്ള കണക്ക് പ്രകാരം 325 സ്കൂൾ വാഹനങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ സ്കൂൾ ബസുകളിലും ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ സെക്രട്ടറി എന്നിവർക്ക് ഗതാഗത കമ്മീഷണർ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ